പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3111 13.03.2017 ൽ മറുപടിയ്ക്ക്

# നാളികേര സംഭരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.സി.കൃഷ്ണൻ | | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലവിൽ നാളികേര സംഭരണം നടക്കുന്നുണ്ടോ; | (എ) & (ബി) | പച്ചനാളികേര സംഭരണം നിർത്തിവെക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. പൊതു വിപണിയിൽ നാളികേര വില വളരെ താഴ്ന്ന സാഹചര്യത്തിൽ നാളികേര കർഷകരെ സഹായിക്കുന്നതിനായി ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് പച്ചത്തേങ്ങാ സംസ്ഥാനത്തെ 388 കൃഷി ഭവൻ മുഖേന സംഭരിക്കുകയുണ്ടായി. നിലവിൽ കമ്പോള വില ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ താങ്ങുവിലയേക്കാൾ ഉയർന്ന തുക കർഷകർക്ക് ലഭിക്കുന്നതിനാൽ സംഭരണത്തിന്റെ ആവശ്യകതയില്ല. എന്നാൽ വിലയിടിവുണ്ടായാൽ പച്ചത്തേങ്ങാ സംഭരണം ആരംഭിക്കും. |
| ബി) | ഇല്ലെങ്കിൽ എന്ന് സംഭരണം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | | |
| സി) | മുൻ വർഷം നാളികേരം സംഭരിച്ച വകയിൽ കർഷകർക്ക് എത്ര തുക കുടിശ്ശികയായി അനുവദിക്കാൻ ബാക്കിയുണ്ട്, വ്യക്തമാക്കാമോ? | (സി) | പച്ചത്തേങ്ങ സംഭരിച്ച വകയിൽ സംസ്ഥാനത്ത് കർഷകർക്ക് നൽകുവാൻ കുടിശ്ശിക ഉണ്ടായിരുന്ന മുഴുവൻ തുകയും കൊടുത്തു തീർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ